സ.ഉ.(സാധാ) നം.2754/2023/H&FWD

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.അഭിലാഷ്.വി., ജൂനിയർ കൺസൽട്ടന്റ് (പീഡിയാട്രിക്സ്) - OA (EKM) No.248/2023-ന്മേലുള്ള 30.03.2023-ലെ ഉത്തരവിനെതിരായി ബഹു:കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത OP (KAT) No.258/2023 - 22.06.2023-ലെ വിധിന്യായം - അനുപാലിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2754/2023/H&FWD തീയതി,തിരുവനന്തപുരം, 20-10-2023

---

പരാമർശം:-

1. ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA (EKM) No.248/2023-ന്മേലുള്ള 30.03.2023-ലെ ഉത്തരവ്.
2. ബഹു:കേരള ഹൈക്കോടതിയുടെ OP (KAT) No.258/2023 - 22.06.2023-ലെ വിധിന്യായം.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 13.09.2023-ലെ ഇ.സി6/6896/2023/ആവഡ നമ്പർ കത്ത്.
4. ഡോ.അഭിലാഷ്.വി., ജൂനിയർ കൺസൽട്ടന്റ് (പീഡിയാട്രിക്സ്) സമർപ്പിച്ച 27.09.2023-ലെ അപേക്ഷ

**ഉത്തരവ്**

കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലെ പീഡിയാട്രിക് വിഭാഗം ജൂനിയർ കൺസൽട്ടന്റ് ഡോ.അഭിലാഷ്.വി., കാഞ്ഞങ്ങാട് സകൂൾ ഓഫ് നഴ്സിംഗിലെ 19-ാം ബാച്ച് വിദ്യാർത്ഥികളോട് അപമര്യാദയായി പെരുമാറിയെന്ന പരാതിയെത്തുടർന്ന് നടത്തിയ അന്വേഷണത്തിൽ ഗുരുതരമായ വീഴ്ച ടി ഡോക്ടറുടെ ഭാഗത്തു നിന്നും ഉണ്ടായതായും കുട്ടികൾ ഇനിയും അവിടെ പഠിക്കേണ്ടതായതുകൊണ്ട് കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ ഡോക്ടറെ കാസർഗോഡ് ജനറൽ ആശുപത്രിയിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിക്കുകയും ആരോഗ്യ വകുപ്പ് ഡയറക്ടർ ആയത് സാധൂകരിച്ച് ഉത്തരവാകുകയും ചെയ്തു. തുടർന്ന് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 04.01.2023 ലെ ഉത്തരവ് പ്രകാരം ഡോ.അഭിലാഷിനെ മട്ടന്നൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് സ്ഥലം മാറ്റിയിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ഡോ.അഭിലാഷ് ബഹു:ട്രിബ്യൂണൽ മുമ്പാകെ OA (EKM) No.248/2023 ഫയൽ ചെയ്തിരുന്നുവെങ്കിലും, മെഡിക്കൽ ഓഫീസറുടെ ഭാഗത്ത് ഗുരുതരമായ പിഴവ് കണ്ടെത്തിയ ബഹു:ട്രിബ്യൂണൽ

സ.ഉ.(സാധാ) നം.2754/2023/H&FWD

പരാമർശം (1) ഉത്തരവിലൂടെ ഡോക്ടറുടെ അപ്പീൽ തള്ളിക്കളഞ്ഞു. പ്രസ്തുത ഉത്തരവിനെതിരെ ഡോ.അഭിലാഷ് ബഹു:ഹൈക്കോടതി മുമ്പാകെ OP (KAT) No.258/2023 ഫയൽ ചെയ്തിരുന്നു. ആയതിന്മേലുള്ള പരാമർശം (2) വിധിന്യായത്തിൽ ബഹു: ഹൈക്കോടതി, 1-ാം എതിർകക്ഷിയായ സർക്കാരിനോട് ഡോ.അഭിലാഷിനെ സ്ഥലംമാറ്റാൻ ഇടയായ വിഷയങ്ങൾ സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് സബോർഡിനേറ്റ് ഓഫീസറിൽ നിന്നും വാങ്ങി ആയത് പരിശോധിക്കുന്നതിനും, ഡോ.അഭിലാഷിന് സർക്കാർ മുമ്പാകെ നേരിൽ കേൾക്കുന്നതിനുള്ള ഒരവസരം ലഭ്യമാക്കുന്നതിനും നിർദ്ദേശിച്ചിരുന്നു.

2) ആയതിന്റെ അടിസ്ഥാനത്തിൽ ഡോ.അഭിലാഷിനെ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ 28.09.2023 തീയതിയിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അണ്ടർ സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേൾക്കുന്ന വേളയിൽ ഡോ.അഭിലാഷ് ചുവടെ പറയുന്ന വിവരങ്ങൾ ഹിയറിംഗ് ഓഫീസർക്ക് മുമ്പാകെ മൊഴി നൽകി:

കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ജോലി ചെയ്തു വരവെ ക്ലാസെടുക്കുമ്പോൾ പീഡിയാട്രിക് ഒ.പി -യിൽ വച്ച് ലൈംഗിക ചുവയോടെ സംസാരിച്ചെന്നും അശ്ലീല വീഡിയോകൾ കാണിച്ചു എന്നും ആരോപിച്ച് പത്തൊമ്പതാം ബാച്ച് വിദ്യാർത്ഥി കളുടെ പേരിൽ ഒരു പേര് വയ്ക്കാത്ത പരാതി നഴ്സിംഗ് സ്കൂൾ പ്രിൻസിപ്പൽ ഡി.എം.ഒ-യ്ക്ക് 30.11.2022 ന് അയച്ചു നൽകി. ഡി.എം.ഒ. നാല് പേർ അടങ്ങുന്ന ഒരു ഇന്റേണൽ കംപ്ലൈന്റ്സ് കമ്മിറ്റി രൂപീകരിച്ച് അന്വേഷണം നടത്തുകയും 16.12.2022 ന് ജോലി ക്രമീകരണ വ്യവസ്ഥയിൽ കാസർഗോഡ് ജില്ലാ ആശുപത്രിയിലേക്ക് സ്ഥലംമാറ്റുകയും ചെയ്തു. തുടർന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ ഡി.എം.ഒയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മട്ടന്നൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് സ്ഥലം മാറ്റി. ഇതിനെതിരെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിച്ചെങ്കിലും ട്രൈബ്യൂണൽ ഹർജി തള്ളി. തുടർന്ന് ബഹു ഹൈക്കോടതിയെ സമീപിക്കുകയും ഹൈക്കോടതി ബഹു:ട്രൈബ്യൂണലിന്റെ പരാമർശം (1) ഉത്തരവ് റദ്ദാക്കുകയുണ്ടായി. 1960ലെ കെ.സി.എസ് (സിസി&എ) റൂൾ പ്രകാരം പേര് വെക്കാത്ത പരാതികൾ സ്വീകരിക്കാൻ പാടില്ല. പത്തൊമ്പതാം ബാച്ച് വിദ്യാർത്ഥികൾ എന്നവകാശപ്പെടുന്നുണ്ടെങ്കിലും നാലുപേർ മാത്രമേ പരാതിക്കാരായി ഉണ്ടായിരുന്നുള്ളൂ.

സ.ഉ.(സാധാ) നം.2754/2023/H&FWD

ഇത്തരം പരാതി 2013 ലെ തൊഴിലിടങ്ങളിലെ സ്ത്രീകൾക്ക് നേരെയുള്ള അക്രമം തടയൽ നിയമ പ്രകാരം ആയിരുന്നു അന്വേഷണം നടത്തേണ്ടത്. ഡി.എം.ഒ ആയിരുന്നില്ല ഐ.സി.സി. രൂപീകരിക്കേണ്ടത് ആശുപത്രി സൂപ്രണ്ട് ആയിരുന്നു. കുട്ടികൾക്ക് ജില്ലാ ആശുപത്രി സൂപ്രണ്ടിനെ വിശ്വാസമില്ല എന്ന് പറഞ്ഞാണ് ഡി.എം.ഒ.-യിലേക്ക് പരാതി അയച്ചു നൽകിയത്. പരാതിക്കാർ പറയുന്ന പോലെ അന്വേഷണം നടത്താൻ സാധ്യമല്ല. ഏഴു ദിവസത്തിനകം ആരോപണങ്ങൾക്ക് ആസ്പദമായ രേഖകകൾ എതിർകക്ഷിയെ അറിയിക്കേണ്ടി ഇരുന്നു. എന്നാൽ ഇവിടെ അങ്ങനെ ഉണ്ടായിട്ടില്ല. സാക്ഷികൾക്ക് പേരോ വിലാസമോ ഉണ്ടായിരുന്നില്ല. നോട്ടീസ് തന്നിട്ടില്ല. ഇതെല്ലാം സ്വാഭാവിക നീതിയ്ക്ക് എതിരാണ്. അച്ചടക്ക നടപടി സംബന്ധിച്ച ചട്ടങ്ങളിലും POSH ആക്ടിലും പറയുന്നതുപോലെ ഒരു ക്രോസ് എക്സാമിനേഷന് അവസരം അനുവദിച്ചിട്ടില്ല. രൂപീകരിച്ച കമ്മിറ്റിയിൽ നഴ്സിംഗ് കോളേജ് പ്രിൻസിപ്പാൾ ഒരു അംഗമായിരുന്നു. അതിനാൽ തന്നെ ഏകപക്ഷീയമായ തീരുമാനമാണ് ആ കമ്മിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടായത്. 3 മെമ്പർമാർ മാത്രമാണ് ഉണ്ടായിരുന്നത്. എൻ.ജി.ഓ. മെമ്പർ ഉണ്ടായിരുന്നില്ല. 28.03.2023-നു ആരോഗ്യവകുപ്പ് ഡയറക്ടറുടെ നിർദ്ദേശപ്രകാരം വീണ്ടും ഒരു ഇന്റേർണൽ കംപ്ലൈന്റ്സ് കമ്മിറ്റി രൂപീകരിച്ച് അന്വേഷണം നടന്നു. ഒരേ ആരോപണത്തിൽ രണ്ട് തവണ അന്വേഷണം നടത്തുന്നത് ഇരട്ട ശിക്ഷയുടെ ഭാഗമായിട്ടാണ്. മെഡിക്കൽ ലീവിൽ ആയിരുന്നതു കൊണ്ട് തന്നെ രണ്ടാമത്തെ ഐ.സി.സി.-യുടെ നോട്ടീസ് കിട്ടി എങ്കിലും ഹാജരാകാൻ സാധിച്ചിട്ടില്ല. 3.5.2023 എക്സ് പാർട്ടിയായി റിപ്പോർട്ട് ഐ.സി.സി. ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് കൊടുത്തു. രണ്ടാമത്തെ റിപ്പോർട്ടിനെതിരെ ബഹു: കെ.എ.റ്റി.-യിൽ ഹർജി സമർപ്പിച്ചിട്ടുണ്ട്. ഫാമിലി പ്ലാനിങ് സംബന്ധിച്ച ജില്ലാ കോഡിനേറ്റർ ആയതിനാൽ നഴ്സിംഗ് വിദ്യാർത്ഥിനികളോട് ക്ലാസ് എടുക്കുമ്പോൾ അതുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംസാരിച്ചിട്ടുണ്ട്. അത് വിദ്യാർത്ഥികൾ തെറ്റിദ്ധരിച്ചതാകാം. മട്ടന്നൂർ വരെ പോകാനായി വലിയ ദൂരമുണ്ട്. കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ തന്നെ തിരികെ സേവനത്തിൽ പ്രവേശിപ്പിക്കണം.

3)പരാമർശം (3) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ, ഡോ.അഭിലാഷ്.വി. ജൂനിയർ കൺസൾട്ടന്റായി കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ജോലി നോക്കവെ കാഞ്ഞങ്ങാട് സ്കൂൾ ഓഫ് നഴ്സിംഗിലെ വിദ്യാർത്ഥിനികളോട് പീഡിയാട്രിക് ഒ.പി.-യിൽ വച്ച് ലൈംഗികത കലർന്ന സംഭാഷണങ്ങൾ നടത്തുകയും

സ.ഉ.(സാധാ) നം.2754/2023/H&FWD

അശ്ലീല വീഡിയോ കാണിക്കുകയും ചെയ്തു എന്ന പരാതി സ്കൂൾ ഓഫ് നേഴ്സിങ് പ്രിൻസിപ്പാളിൽ നിന്ന് കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർക്ക് ലഭിക്കുകയുണ്ടായി എന്നും ഈ വിഷയത്തിൽ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി സൂപ്രണ്ട് അന്വേഷണം നടത്തുന്നതിൽ വിശ്വാസമില്ല എന്ന് വിദ്യാർഥിനികൾ ജില്ലാ മെഡിക്കൽ ഓഫീസറെ പ്രിൻസിപ്പാൾ മുഖാന്തരം അറിയിക്കുകയുണ്ടായതിനാലും, പരാതിയുടെ ഗൗരവം കണക്കിലെടുത്തും ഒരു പ്രാഥമിക അന്വേഷണം ജില്ലാ മെഡിക്കൽ ഓഫീസർ തലത്തിൽ നടത്തുവാൻ തീരുമാനിക്കുകയും പ്രസ്തുത അന്വേഷണ സമിതി സ്കൂൾ ഓഫ് നേഴ്സിങ്ങിലെ പരാതിക്കാരായ വിദ്യാർത്ഥിനികളെയും കുറ്റാരോപിതനായ ഡോക്ടറെയും നേരിൽ കേൾക്കുകയും പരാതി വിഷയത്തിൽ രണ്ടു പാർട്ടികളുടെയും സാന്നിധ്യത്തിൽ നിഷ്പക്ഷമായി അന്വേഷണം നടത്തുകയും ആയതിൽ ഡോക്ടർ അഭിലാഷ് വി.-യുടെ ഭാഗത്ത് നിന്നും ഗുരുതരമായ നിയമലംഘനങ്ങൾ ഉണ്ടായതായി അന്വേഷണ ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്യുകയുണ്ടായി എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. സ്കൂൾ ഓഫ് നേഴ്സിങ്ങിലെ വിദ്യാർത്ഥിനികൾക്ക് പ്രസ്തുത സ്ഥാപനത്തിൽ പഠനം തുടരേണ്ടതിനാൽ അടിയന്തരമായ ഒരു ക്രമീകരണം നടത്തുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസർ ഡോക്ടർ അഭിലാഷിനെ കാസർഗോഡ് ജില്ലാ ആശുപത്രിയിലേക്ക് ജോലി ക്രമീകരണ അടിസ്ഥാനത്തിൽ നിയമിക്കുകയുണ്ടായി. തുടർന്ന് പരാതി വിഷയത്തിൽ തൊഴിലിടത്തെ സ്ത്രീകൾക്കെതിരായ ലൈംഗിക അതിക്രമം തടയൽ നിയമങ്ങൾ പ്രകാരം ഇന്റേണൽ കമ്മിറ്റി രൂപീകരിച്ച് അന്വേഷണം നടത്തുവാൻ ജില്ലാ മെഡിക്കൽ ഓഫീസർക്ക് ആരോഗ്യവകുപ്പ് ഡയറക്ടർ നിർദേശം നൽകുകയും പരാതി വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്തും ലൈംഗിക അതിക്രമത്തിന് ഇരയാകേണ്ടി വന്ന സ്കൂൾ ഓഫ് നഴ്സിങ്ങിലെ വിദ്യാർത്ഥിനികളുടെ സ്ത്രീത്വത്തിന് അപകീർത്തി ഉണ്ടാവാതിരിക്കാനും തുടർന്നുള്ള വിശദ അന്വേഷണത്തിൽ ടിയാന്റെ ഇടപെടൽ ഒഴിവാക്കുന്നതിനും വേണ്ടി ഡോക്ടർ അഭിലാഷിനെ **EA1/14509/2022/ആ.വ.ഡ** തീയതി **14.01.2023** പ്രകാരം കണ്ണൂർ ജില്ലയിലെ മട്ടന്നൂർ സാമൂഹിക ആരോഗ്യ കേന്ദ്രത്തിലേക്ക് സ്ഥലം മാറ്റുകയും ചെയ്തതായി പരാമർശം (3) കത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ഇന്റേണൽ കമ്മിറ്റിയുടെ (ഐ.സി.സി.) അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡോ.അഭിലാഷിനെതിരെ വകുപ്പ് തല അച്ചടക്ക നടപടി ആരംഭിക്കുന്നതിന്റെ ഭാഗമായി 1960 ലെ കെ സി എസ് (സിസി&എ) ചട്ടം 15 പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയും ഇന്റേണൽ കമ്മിറ്റി റിപ്പോർട്ടിനെതിരെ അപ്പീൽ

സ.ഉ.(സാധാ) നം.2754/2023/H&FWD

അധികാരിക്ക് അപ്പീൽ സമർപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതിനാലും വിഷയത്തിൽ സ്ഥലംമാറ്റ ഉത്തരവിനെതിരെ ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഒ പി (കെഎറ്റി) 258/2023 കേസിൽ നടപടികൾ തുടരുന്നതിനാലും പ്രതിവാദ പത്രിക സമർപ്പിക്കുവാൻ 30 ദിവസത്തെ അധികസമയം ടിയാൻ ആവശ്യപ്പെടുകയും ആയതു അനുവദിച്ചിരിക്കുകയാണെന്നും, ഈ വിഷയത്തിൽ ഡോക്ടർ അഭിലാഷ് ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത OA(EKM) 1354/2023 എന്ന കേസിൽ രണ്ടാം എതിർകക്ഷിയായ ആരോഗ്യവകുപ്പ് ഡയറക്ടർ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് നൽകിയിട്ടുള്ള വിവരവും പരാമർശം (3) കത്തിൽ സൂചിപ്പിച്ചിരിക്കുന്നു.

4) സർക്കാർ വിഷയം വിശദമായി പരിശോധിച്ചു. ഡോക്ടർ അഭിലാഷ് നഴ്സിംഗ് വിദ്യാർത്ഥിനികൾക്ക് ക്ലാസ് എടുത്തതായി സമ്മതിക്കുന്നുണ്ട്. ഫാമിലി പ്ലാനിങ് സംബന്ധിച്ച ക്ലാസിന്റെ ഭാഗമായാണ് അതുമായി ബന്ധപ്പെട്ട വിഷയങ്ങൾ കുട്ടികളോട് സംസാരിച്ചത് എന്നാണ് ഡോക്ടർ അഭിലാഷ് പറയുന്നത്. എന്നാൽ നഴ്സിംഗ് വിദ്യാർഥികളെ പഠിപ്പിക്കാൻ ട്യൂട്ടർമാർ ഉള്ള സ്ഥിതിക്ക് പീഡിയാട്രിക് ഡോക്ടർ നഴ്സിംഗ് വിദ്യാർത്ഥികൾക്ക് ക്ലാസ് എടുക്കേണ്ട സാഹചര്യം ഉണ്ടായിരുന്നില്ല. അന്വേഷണം നടത്തേണ്ടത് 2013-ലെ തൊഴിലിടങ്ങളിലെ സ്ത്രീകൾക്കെതിരായ അതിക്രമം തടയൽ (POSH Act) നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ആയിരുന്നു. അത് പാലിച്ചില്ല എന്നുള്ളതാണ് ഡോക്ടർ അഭിലാഷ് ഉന്നയിക്കുന്ന പ്രധാന വാദം. ഇന്റേണൽ കംപ്ലൈന്റ്സ് കമ്മിറ്റി രൂപീകരിക്കാനുള്ള അധികാരം ഡി.എം.ഒ. യ്ക്ക് ഇല്ല എന്നും അദ്ദേഹം അത്തരത്തിലുള്ള ഒരു അന്വേഷണം നടത്താൻ പാടില്ലായിരുന്നു എന്നുമാണ് ഡോക്ടർ പറയുന്നത്. എന്നാൽ അതീവ ഗൗരവ സ്വഭാവത്തിൽ ഉള്ള ഒരു പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ച് ഡി.എം.ഒ. അന്വേഷണം നടത്തുകയും അത് POSH Act പ്രകാരം ഉള്ളത് എന്ന് പറയുന്നില്ല എന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി പ്രാഥമിക അന്വേഷണം നടത്തി ആരോഗ്യവകുപ്പ് ഡയറക്ടർക്ക് ശിപാർശ നൽകിയതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ച ഉത്തരവിലും പ്രസ്തുത നടപടി POSH Act പ്രകാരമാണ് എന്ന് പറയുന്നില്ല. മറിച്ച് ഡോ.അഭിലാഷിന്റെ ഭാഗത്ത് നിന്നും ഗുരുതര വീഴ്ച ഉണ്ടായതിനാൽ സ്ഥലംമാറ്റുന്നത് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തുടർന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ ഡി.എം.ഒ.-യെ ചുമതലപ്പെടുത്തിയത് അനുസരിച്ച്

സ.ഉ.(സാധാ) നം.2754/2023/H&FWD

പുതുതായി ഒരു ഇന്റേണൽ ...പ്ലൈന്റ്സ് കമ്മിറ്റി രൂപീകരിക്കുകയും അത് പരാതിക്കാരുടെ മൊഴിയെടുത്ത് റിപ്പോർട്ട് ആരോഗ്യ വകുപ്പ് ഡയറക്ടറിന് സമർപ്പിച്ചതായി കാണുന്നു. മാ... പ്രസ്തുത റിപ്പോർട്ടിനെതിരെ ഡോ.അഭിലാഷ് ബഹു:കേരള അഡ്മിനിസ്ട്രേറ്റീ... ട്രൈബ്യൂണലിനെ (OA(EKM) 1354/2023) സമീപിച്ചിട്ടുമുണ്ട്. പ്രസ്തുത ICC കമ്മിറ്റിയുടെ കണ്ടെത്തലിനെ സംബന്ധിച്ചും അപേക്ഷകനെ കേൾക്കാതെ തീരു... എടുത്തു എന്നതും അടക്കമുള്ള വിഷയങ്ങൾ സർക്കാരിന്റെ പരിഗണനയിൽ ...വിൽ വരുന്ന കാര്യമല്ല. അതിനാൽ തന്നെ ഐ.സി.സി. റിപ്പോർട്ട് റദ്ദാക്കണ...ന അപേക്ഷകന്റെ ആവശ്യം പരിഗണനാർഹമല്ല. അച്ചടക്ക നടപടികൾ സംബന്ധി... ...മതയുള്ള അധികാരി എന്ന നിലയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ നടപടി ...കരിച്ചു വരുന്നുണ്ട്. കുറ്റാരോപണ മെമ്മോ നൽകിയതായും അതിന് ...പടി സമർപ്പിക്കാൻ ഡോ.അഭിലാഷ് സമയം ആവശ്യപ്പെട്ടതായും കാണുന്നു. ...ഹു:കേരള ഹൈക്കോടതിയുടെ ഉത്തരവു പ്രകാരം സ്ഥലം മാറ്റം ഉണ്ടായ അനുബന്ധ... ...ള നടപടിക്രമത്തിൽ അപേക്ഷകനുള്ള പരാതി സർക്കാരിൽ സമർപ്പിക്ക...തിനും അത് സർക്കാർ പരിശോധിച്ച് തീരുമാനമെടുക്കുന്നതിനുമാണ് ഉ...യിട്ടുള്ളത്. പരാതിക്കാരായ വിദ്യാർത്ഥികൾ ഡോ.അഭിലാഷിനെതിരെ ക്രിമി... കേസ് അടക്കം നൽകിയിട്ടുള്ളതായി മനസ്സിലാക്കുന്നു. സ്ഥലം മാറ്റ ഉത്...വ് റദ്ദാക്കി അതേ സ്റ്റേഷനിലേക്ക് തന്നെ തിരികെ നൽകണമെന്നാണ് ഡോ.അഭില...ന്റെ ആവശ്യം. പരാതി വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്തും ലൈംഗിക ...ക്രമത്തിന് ഇരയാകേണ്ടി വന്ന സ്കൂൾ ഓഫ് നഴ്സിങ്ങിലെ വിദ്യാർത്ഥിനികളു... ...സ്ത്രീത്വത്തിന് അപകീർത്തി ഉണ്ടാവാതിരിക്കാനും തുടർന്നുള്ള വിശദ അന്വേഷണ...ൽ ടിയാന്റെ ഇടപെടൽ ഒഴിവാക്കുന്നതിനും വേണ്ടി ഡോ.അഭിലാഷിനെ സ്ഥ...മാറ്റി എന്നുള്ള ആരോഗ്യവകുപ്പ് ഡയറക്ടറുടെ അഭിപ്രായം അംഗീകരിച്ചുകൊണ്... ...ഡോ.അഭിലാഷിന് ആരോഗ്യ വകുപ്പ് ഡയറക്ടർ നൽകിയ സ്ഥലംമാറ്റം അംഗീകരി...ന്നും, എന്നാൽ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി ഒഴികെ മറ്റൊരു സ്റ്റേഷൻ ...ണി കാണിച്ച് ഡോ.അഭിലാഷ് അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ നില...ള സ്ഥലം മാറ്റ മാനദണ്ഡങ്ങളും ടിയാന്റെ അർഹതയും പരിശോധിച്ച് നിയ... ...ൽകുന്നത് പരിഗണിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊ...ം ഉത്തരവാകുന്നു.

സ.ഉ.(സാധാ) നം.2754/2023/H&FWD

5)ബഹു:കേരള ഹൈക്കോടതിയുടെ OP (KAT) No.258/2023 - 22.06.2023-ലെ വിധിന്യായം ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സജിത് നാസർ കെ എ എസ്
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ (ആമുഖ കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) കാസർഗോഡ്.
Dr.Abhilash.V., Junior Consultant (Paediatrics), "Bansuri", Ramnagar, Anandasram.P.O., Kanhangad, Kasargod.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മേലെഴുത്ത് നം. ഇ.ഹ1-16289/2023/ആ.വ.ഡ, തീയതി 25/10/23.

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽനടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആ.വ.ഡയ്ക്ക് വേണ്ടി.



GOVERNMENT OF KERALA